**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **23-02-2026 - ൽ മറുപടിയ്ക്ക്**

**ആസ്ട്രൽ വാച്ചസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പുതിയ സ്ഥാപനം തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് നഗരത്തിൽ ആസ്ട്രൽ വാച്ചസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പുതുതായി ഏതെങ്കിലും വ്യവസായ സംരംഭം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനത്തിന്റെയോ ഉത്തരവിന്റെയോ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ നെല്ലിക്കുന്ന് പ്രദേശത്ത് കെ.എസ്.ഐ.ഡി.സി.യുടെ കൈവശമുള്ള 1.99 ഏക്കർ ഭൂമിയിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) കെട്ടിട നിർമ്മാണത്തിന് Rs.4,188.32 ലക്ഷം (ജി.എസ്.ടി. ഉൾപ്പെടെ) രൂപയുടെ എസ്റ്റിമേറ്റിന് ടെക്നിക്കൽ സാങ്ക്ഷൻ ലഭിച്ചിട്ടുണ്ട്.<br><br>ഈ സാഹചര്യത്തിൽ, ധനവ്യയം ഒഴിവാക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് പി.പി.പി. (PPP) മാതൃകയിൽ താൽപര്യപത്രം ക്ഷണിച്ച് റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി പരസ്യം നൽകിയിരുന്നു. എന്നാൽ താൽപര്യപത്രങ്ങൾ ലഭിക്കാതിരുന്നതിനെ തുടർന്ന് വാണിജ്യമേഖലകളും ഉൾപ്പെടുത്തി പുതുക്കിയ താൽപര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തിനാവശ്യമായ തുക എത്രയാണെന്നും പ്രസ്തുത തുക എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കുമോ; | (ബി) | മുൻപ് നിശ്ചയിച്ചിരുന്ന പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് Rs.4,188.32 ലക്ഷം (ജി.എസ്.ടി. ഉൾപ്പെടെ) ആണ്. പദ്ധതി പി.പി.പി. (PPP) മാതൃകയിൽ ഭൂമി ലീസിന് നൽകി നടപ്പാക്കുന്നതിലൂടെ സ്വകാര്യ പങ്കാളിത്തം വഴി ആവശ്യമായ നിക്ഷേപം സമാഹരിക്കുന്നതാണ് ഉദ്ദേശിക്കുന്നത്.<br><br>ആദ്യ ഘട്ടത്തിൽ നിർമ്മാണവും സേവനവുമായ മേഖലകൾക്കായി RFQ-cum-RFP ക്ഷണിച്ചിരുന്നുവെങ്കിലും, നിലവിൽ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനായി വാണിജ്യ മേഖലകളും ഉൾപ്പെടുത്തി പുതുക്കിയ RFQ-cum-RFP പ്രസിദ്ധീകരിക്കുന്ന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ മേൽപ്പറഞ്ഞതുമായി ബന്ധപ്പെട്ട് എന്തെങ്കിലും | (സി) | ഈ സർക്കാർ കാലയളവിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) കെട്ടിട നിർമ്മാണത്തിന് Rs.4,188.32 ലക്ഷം (ജി.എസ്.ടി. ഉൾപ്പെടെ) |

| | | | |
|---|---|---|---|
| | പ്രാരംഭ നടപടികൾ ആരംഭിക്കുമോ; വ്യക്തമാക്കാമോ? | | രൂപയുടെ എസ്റ്റിമേറ്റിന് 09.07.2024-ന് ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കുകയും, പി.പി.പി. (PPP) മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. താൽപര്യപത്രം ക്ഷണിച്ചെങ്കിലും അത് ലഭിക്കാതിരുന്നതിനാൽ വാണിജ്യമേഖലകളും ഉൾപ്പെടുത്തി പുതുക്കിയ RFQ-cum-RFP പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സ്ഥലത്ത് ഉണ്ടായിരുന്ന മരങ്ങൾ മുറിച്ച് നീക്കം ചെയ്യുകയും പഴയ കെട്ടിടം പൊളിച്ചുനീക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 1.99 ഏക്കർ ഭൂമിയിലൂടെ കടന്നുപോകുന്ന കെ.എസ്.ഇ.ബി.യുടെ ഹൈ ടെൻഷൻ (HT) വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ